(ബി) വസ്തുനിഷ്ഠമല്ലാത്ത അത്തരം ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി-എൽ) 'ബി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സബ്ഡിവിഷൻ ആരംഭിക്കുവാൻ നടപടി

113 (1048) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ കേന്ദ്രമായി ഒരു പോലീസ് സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

സബ് ഡിവിഷനുകളുടെ പുനഃസംഘടനാ സമയത്ത് പരിശോധിക്കാവുന്നതാണ്.

എ. ആർ. ക്യാമ്പിന്റെ പ്രവൃത്തി

114 (1049) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കീഴരിയൂരിലെ എ.ആർ ക്യാമ്പിന്റെ പ്രവൃത്തി എവിടെ വരെ പൂർത്തിയായിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ക്യാമ്പിന്റെ പ്രവൃത്തിയുടെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചുറ്റുമതിൽ, വാട്ടർസപ്ലൈ സംവിധാനം എന്നിവ നിർമ്മിക്കാൻ ഉടൻ നടപടി എടുക്കുമോ എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ക്യാമ്പിനുവേണ്ടി എത്ര രൂപയുടെ തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എ. ആർ. ക്യാമ്പിനുവേണ്ടി 36 ക്വാർട്ടേഴ്സുകൾ പണിതിട്ടുണ്ട്.

(ബി & സി) എ. ആർ. ക്യാമ്പിന് ചുറ്റുമതിൽ കെട്ടുന്നതിനും, കുഴൽ കിണർ കുഴിക്കുന്നതിനും കൂടാതെ ഓപ്പൺ വെൽ കുഴിക്കുന്നതിനുമാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. എ. ആർ. ക്യാമ്പിനുവേണ്ടി നാളിതുവരെ 90,49,774 രൂപ ചെലവഴിച്ചിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി

115 (1050) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly